**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1453** **19-06-2024 - ൽ മറുപടിയ്ക്ക്**

**നടക്കാവ് ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നടക്കാവ് ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 3 കോടി രൂപയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നടക്കാവ് ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിന് 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പുതുക്കിയ DSR/GST നിരക്ക് പ്രാബല്യത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി തുക 3.90 കോടി രൂപയായി പുതുക്കിയിട്ടുണ്ട്. PTA നിർദ്ദേശിച്ച പ്രദേശത്തെ സ്ഥലപരിമിതി, നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള സൗകര്യക്കുറവ്, സ്ഥലത്തിന് KMBR സംബന്ധിച്ച പ്രശ്നങ്ങൾ എന്നിവ കാരണം കാലതാമസം നേരിടുന്നതിനാൽ ഇത് സംബന്ധിച്ച് പുതിയ ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കാൻ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനത്തിന് സംവിധാനം ഏർപ്പെടുത്തുമോ; | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് തദ്ദേശഭരണ വകുപ്പ് , നിർവ്വഹണ ഏജൻസികൾ , കിഫ്ബിയുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും നിശ്ചിത ഇടവേളകളിൽ യോഗം സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയ എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ ? | (സി) | നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായി INKEL - നെയാണ് ആദ്യഘട്ടത്തിൽ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ഇപ്പോൾ INKEL - നെ മാറ്റി KILA – യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ